## പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4478** — **22.07.2015-ൽ മറുപടിക്ക്**

### സ്കൂൾ അടിച്ചു തകർത്ത സംഭവം

**ചോദ്യം**

**ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)**

(എ) 2015 ജൂൺ 24 ന് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ദുർഗ്ഗാ ഹയർ സെക്കന്ററി സ്കൂൾ അടിച്ചു തകർത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് പ്രതികളെന്നും ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കേസ്സിലെ പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായോ അവരുടെ പോഷക സംഘടനയുമായോ ബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

**മറുപടി**

**ശ്രീ. രമേശ് ചെന്നിത്തല**
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ), (ബി) & (സി) സ്കൂൾ അടിച്ച് തകർത്തതായി പരാതി ലഭിച്ചിട്ടില്ല. എന്നാൽ ദുർഗ്ഗാ ഹൈസ്കൂളിൽ എ.ബി.വി.പി. വിദ്യാഭ്യാസ ബന്ദിനോടനുബന്ധിച്ച് സ്കൂൾ വിടാത്തതിനാൽ മറ്റ് കോളേജുകളിൽ നിന്നും വന്ന എ.ബി.വി.പി. പ്രവർത്തകരായ വിദ്യാർത്ഥികൾ ന്യായ വിരോധമായി ദുർഗ്ഗാ ഹൈസ്കൂളിന് മുൻവശം സംഘം ചേർന്ന് റോഡ് മാർഗ്ഗ തടസ്സം സൃഷ്ടിച്ചും പോലീസിന്റെ നിയമാനുസൃതമുള്ള ഉത്തരവ് അനുസരിക്കാത്തതുമായ ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 635/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ പ്രതികളായി (1)രാജേഷ്, S/o. രാജൻ, (2) വൈശാഖ്, S/o. ബാലകൃഷ്ണൻ പുള്ളൂർ, (3) പ്രണവ്, S/o. ബാലകൃഷ്ണൻ പരപ്പ എന്നിവരുൾപ്പെടെ കണ്ടാലറിയാവുന്ന 50ഓളം എ.ബി.വി.പി. അനുഭാവികളായ വിദ്യാർത്ഥികളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 3 പ്രതികളെ അറസ്റ്റ് ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. കേസിൽ ഉൾപ്പെട്ട മറ്റ് പ്രതികളെ കണ്ടെത്താൻ ഊർജ്ജിത അന്വേഷണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ